**കവർ രൂപകല്പന**
വിനയ്‌ലാൽ
**ചിത്രം**
മനോജ്
**ചിത്രീകരണം**
മധു.വി.ടി, രമേഷ് ഷൊർണ്ണൂർ, റഫീക് അഹമ്മദ്, മോഹനൻ.വി
**ചിത്രങ്ങൾ**
സുനിൽകുമാർ സപര്യ, പോൾസൻ.എ.വി

**എഡിറ്റർ - ഇൻ - ചാർജ്**
പ്രമോദ്.കെ.എസ്.

വില:15.00

കേരളീയം
ആരോഗ്യം
പ്രത്യേക പതിപ്പ്
2002


# രോഗത്തെക്കുറിച്ചല്ല; ആരോഗ്യത്തെക്കുറിച്ച്

കേരളത്തിന്റെ പൊതുജനാരോഗ്യത്തെപ്പറ്റിയുള്ള ഗൗരവമായ ചർച്ചകൾ സമൂഹമനസ്സിൽ നിന്നും പതുക്കെ ഊർന്നുപോകുകയാണ്. എന്നാൽ ആരോഗ്യമേഖലയാകട്ടെ കൂടുതൽ കൂടുതൽ മോശപ്പെട്ട അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പൊതുജനാരോഗ്യമേഖലയിൽ നിന്നുള്ള സർക്കാരിന്റെ പിൻവാങ്ങലും സ്വകാര്യ ആരോഗ്യരംഗം വൻവ്യവസായമായി മാറുന്നതും ഔഷധങ്ങളുടെ വിലയിലുണ്ടാകുന്ന വർദ്ധനവും ആരോഗ്യമേഖലയിലേക്കുള്ള രാഷ്ട്രാന്തരീയ കമ്പനികളുടെ കടന്നുവരവും ഇവിടെ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

കേരളത്തിന്റെ തനത് ചികിത്സാസമ്പ്രദായങ്ങളാകട്ടെ, സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന രീതിയിൽ കച്ചവടവൽക്കരിക്കപ്പെടുന്നു. സമാന്തരചികിത്സാസമ്പ്രദായങ്ങളുടെ പേരിൽ തട്ടിപ്പുകൾ അരങ്ങേറുന്നു. പ്രാഥമികമായി ഉണ്ടായിരിക്കേണ്ട ആരോഗ്യനീതിയെക്കുറിച്ച് ഭിഷഗ്വരന്മാരും ബന്ധപ്പെട്ടവരും മറന്നുപോയിരിക്കുന്നു. ഉത്തരവാദിത്തം അവരെ ഏല്പിച്ച് പൊതുസമൂഹവും മാറിനില്ക്കുന്നു.

ആരോഗ്യമാസികകളെന്നപേരിൽ പുറത്തിറങ്ങുന്ന പ്രസിദ്ധീകരണങ്ങൾ ആരോഗ്യത്തെക്കുറിച്ചു പറയാതെ രോഗത്തേയും ചികിത്സാവ്യവസായങ്ങളേയും പരിചയപ്പെടുത്തുന്ന കർമ്മത്തിൽ മാത്രം മുഴുകുന്നു. നമുക്കു ചുറ്റുമുണ്ടായിരുന്ന, നമുക്ക് ആരോഗ്യം തന്നിരുന്ന ഒരു പരിസരത്തെ, ഒരു സാമൂഹ്യജീവിതത്തെ നാം മറന്നുപോയി.

ഇതിനിടയിലും ചെറുത്തുനില്പിന്റെ ഒറ്റപ്പെട്ട ചില വ്യക്തി-സ്ഥാപനമാതൃകകൾ പ്രതീക്ഷ നൽകുന്നുണ്ട്. അത്തരം ശ്രമങ്ങളെ തിരിച്ചറിയുക.

ഒട്ടേറെ പരിമിതികളുള്ള ഈ പ്രത്യേക ലക്കത്തെ സമഗ്രമായ ഒരു അന്വേഷണത്തിന്റെ തുടക്കമെന്ന നിലയിൽ പരിഗണിക്കുക. ഇത് പൂർണ്ണമല്ല. രോഗത്തെപ്പറ്റി ചിന്തിക്കുന്ന സമൂഹത്തിൽ ആരോഗ്യത്തെപ്പറ്റി ചിന്തിക്കാനുള്ള ഒരു എളിയ ശ്രമം.

ഇതിനെ വിമർശനാത്മകമായി വിലയിരുത്തുക. അന്വേഷണത്തിൽ പങ്കാളികളാകുക.

എങ്കിലേ, ഇതിനൊരു തുടർച്ചയുണ്ടാകൂ.

**റോബിൻ**
**മാനേജിങ് എഡിറ്റർ**